നമ്പർ.ജി.2/5084/12

ചീഫ് എക്സിക്യൂട്ടീവ് ആഫീസറുടെ കാര്യാലയം
കേരള മോട്ടോർതൊഴിലാളി ക്ഷേമനിധി ,ബോർഡ്
കൊല്ലം, തീയതി: 16/3/2013

സർക്കുലർ നമ്പർ .02/13 തീയതി: 16/03/2013

വിഷയം:- കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്- 60 വയസ്സ് കഴിഞ്ഞ സ്വയം തൊഴിൽ ചെയ്യുന്ന ഓട്ടോറിക്ഷാ തൊഴിലാളികളെ ക്ഷേമനിധി വിഹിതം അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കുന്നത്- സംബന്ധിച്ച്.

സൂചന:- 25/08/2009 തീയതിയിലെ ബഹു. ഹൈക്കോടതിയുടെ 582/08 തുടങ്ങിയ റിട്ട് പെറ്റീഷനുകളിൻ മേലുള്ള വിധി. ..

അറുപത് വയസ്സ് കഴിഞ്ഞ സ്വയം തൊഴിൽ ചെയ്യുന്ന ഓട്ടോറിക്ഷാ തൊഴിലാളികളെ ക്ഷേമനിധി വിഹിതം അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ താഴെ വിവരിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(1). 60 വയസ്സ് കഴിഞ്ഞ ഓട്ടോറിക്ഷാ തൊഴിലാളികൂടിയായ തൊഴിലുടമ/വാഹനയുടമയുടെ കൈവശം തന്റെ പേർക്ക് ഉത്തരവാദിത്തപ്പെട്ട അധികാരകേന്ദ്രം നൽകിയ കാലാവധി കഴിഞ്ഞിട്ടില്ലാത്ത ഡ്രൈവിംഗ് ലൈസൻസും ബാഡ്ജും ഉണ്ടായിരിക്കണം.

2). ടി ഓട്ടോറിക്ഷാ ഉടമ തൊഴിലാളിയെ നിയോഗിക്കാതെ സ്വന്തമായിട്ടാണ് ഓട്ടോറിക്ഷാ ഓടിക്കുന്നത് എന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ/അഡീഷ്ണൽ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർ വിശദമായി അന്വേഷിച്ച് ബോദ്ധ്യപ്പെട്ടിരിക്കണം.

3). മേൽ വ്യവസ്ഥകളെല്ലാം തന്നെ പാലിക്കപ്പെടുന്ന പക്ഷം 60 വയസ്സ് കഴിഞ്ഞ സ്വയം തൊഴിൽ ചെയ്യുന്ന ഓട്ടോറിക്ഷാ ഉടമകളെ ക്ഷേമനിധിയിലേക്ക് ഉടമാ വിഹിതം അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കാവുന്നതാണ്.

സർക്കുലറിന്റെ കൈപ്പറ്റ് രസീത് മടക്ക തപാലിൽ അയച്ചുതരേണ്ടതാണ്.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

To
DEO/ ADEO
Kollam